## സർക്കുലർ നമ്പർ.18/08

നമ്പർ. എഡിഎൽ (2) 38737/07(2) സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 19.3.08

വിഷയം:- സഹകരണ വകുപ്പ്- ആഡിററ് - സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ആഡിററ് സർട്ടിഫിക്കററുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചും- നിലവിലുളള ആഡിററ് നോട്ട് ആഡിററ് സർട്ടിഫിക്കററ് എന്നിവയിൽ എന്തെങ്കിലും മാററങ്ങൾ വരുത്തുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ ആരായുന്നത് സംബന്ധിച്ച്.

സൂചന:-

***********

1. സഹകരണ സ്ഥാപനങ്ങളുടെ ആഡിററ് സർട്ടിഫിക്കററ് പ്രാധാന്യമേറിയതും സ്ഥിരമായി സൂക്ഷിക്കേണ്ടതുമായ ആധികാരിക രേഖയാകയാൽ, ഗൗരവത്തോടെ തയ്യാറാക്കി വ്യക്തവും , വൃത്തിയായ രീതിയിലും വെട്ടിത്തിരുത്തലുകൾ വൈററ്നർ മുതലായവ ഉപയോഗിച്ചുളള മായ്ക്കൽ എന്നിവ ഇല്ലാതെ വൃത്തിയായി വ്യക്തതയോടെ തയ്യാറാക്കി സ്ഥാപനങ്ങൾക്ക് യഥാസമയം നൽകുന്നതിന് സഹകരണ വകുപ്പ് ബാദ്ധ്യസ്ഥമാണ്. ഇത് ഉറപ്പുവരുത്തുന്നതിനുളള ചുമതല ആഡിററ് റിപ്പോർട്ട് അംഗീകരിക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ടവർ അതിലേക്കാവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു. ആഡിററ് സർട്ടിഫിക്കററുകൾ ദീർഘകാലത്തേയ്ക്ക് സൂക്ഷിച്ച് വയ്ക്കുന്നതിനായി, ആവശ്യമെങ്കിൽ പ്ലാസ്ററിക്ക് ചട്ടയിട്ട് സൂക്ഷിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

2. സഹകരണ വകുപ്പിൽ നിലവിൽ ഉപയോഗിച്ചു വരുന്ന ആഡിററ് നോട്ട്, സർട്ടിഫിക്കററുകൾ എന്നിവ (ക്രഡിററ് & നോൺ ക്രഡിററ്) ഈ രൂപത്തിൽ തയ്യാറാക്കിയിട്ട് വർഷങ്ങളേറെയായി. ഇന്നത്തെ അവസ്ഥയിൽ ആഡിററ് റിപ്പോർട്ട് , ആഡിററ് സർട്ടിഫിക്കററ് എന്നിവയുടെ രൂപത്തിലും ഉളളടക്കത്തിലും എന്തെങ്കിലും മാററങ്ങൾ ആവശ്യമുണ്ടോ എന്ന വിഷയം സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ആഡിററ് ഉദ്യോഗസ്ഥരുടെ ഇടയിൽ വ്യാപക

മായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും പ്രായോഗിക തലത്തിൽ വിലയിരുത്തുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനായി പ്രതിമാസ അവലോകന യോഗത്തിൽ പ്രത്യേക സമയം കണ്ടെത്തി അഭിപ്രായങ്ങൾ സ്വരൂപിക്കേണ്ടതാണ്. താലൂക്ക് തലത്തിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും മററ് ലഭ്യമായിട്ടുളള അഭിപ്രായങ്ങളും കൂടെ സമാഹരിച്ച് ജില്ലകളിലെ ആഡിററ് ജോയിന്റ് രജിസ്ട്രാർമാർ, മിൽക്ക് മാർക്കററിംഗ് ഫെഡറേഷൻ ഡപ്യൂട്ടി രജിസ്ട്രാർ എന്നിവർ നിർദ്ദേശങ്ങൾ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന റിപ്പോർട്ടുകൾ ക്രിയാത്മകവും ഏകീകൃതവുമായിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ജില്ലകളിലേയും മിൽക്ക് മാർക്കററിംഗ് ഫെഡറേഷനിലേയും റിപ്പോർട്ട് 2008 ഏപ്രിൽ 15 ന് മുമ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ഒപ്പ്.
റാണി ജോർജ്ജ് ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

എല്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിററ്)
എല്ലാ അസിസ്ററന്റ് രജിസ്ട്രാർ(ആഡിററ്)
ഡപ്യൂട്ടി രജിസ്ട്രാർ/കൺകറന്റ് ആഡിററർ, മിൽമ തിരുവനന്തപുരം
അസിസ്ററന്റ് രജിസ്ട്രാർ /കൺകറന്റ് ആഡിററർ ,
മേഖലാ ക്ഷീര യൂണിയനുകൾ-
സഹകരണ വീഥി, -പ്രസിദ്ധീകരണത്തിന്
സ്ററോക്ക് ഫയൽ,
സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി